കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. ഓമനകുഞ്ഞിന്റെ നിയമന ക്രമവൽക്കരണം - WP(C) 11306/11 -ാം നമ്പർ ഹർജിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ(സാധാ) നം.3693/2015/തസ്വഭവ** **തീയതി, തിരുവനന്തപുരം, 09/12/2015**

---

പരാമർശം:- 1) 25.11.2005 ലെ സ.ഉ(പി) നം.501/05/ധന നമ്പർ ഉത്തരവ്.

2) 09.02.2010 ലെ സ.ഉ(പി) നം.61/10/ധന നമ്പർ ഉത്തരവ്.

3) WP(C) 11306/11 -ാം നമ്പർ കേസ്സിൽ ബഹു.ഹൈക്കോടതിയുടെ 29/04/2015 ലെ വിധിന്യായം.

4) പഞ്ചായത്ത് ഡയറക്ടറുടെ 31/05/2012, 13/12/2012, 21/12/2013 തീയതികളിലെ ഇ 9-13506/11 നമ്പർ കത്തുകൾ.

## ഉത്തരവ്

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 01/01/2001 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി.ഓമനകുഞ്ഞ് തന്റെ നിയമനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ WP(C) 11306/11 -ാം നമ്പർ പ്രകാരം അന്യായം ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിൽ സൂചന 3 പ്രകാരം ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം ഒരു മാസത്തിനകം ശ്രീമതി.ഓമനക്കുഞ്ഞിനെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിക്കമെന്നും 3 മാസത്തിനകം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളണമെന്നും പ്രസ്തുത വിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നു. പഞ്ചായത്ത് ഡയറക്ടർ ടിയാളുടെ പ്രൊപ്പോസൽ നിയമന ക്രമവൽക്കരണത്തിനായി ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏര്യ 595.03 സ്ക്വയർ മീറ്ററാണ്.

സർക്കാർ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 01/01/2001 മുതൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ഓമനകുഞ്ഞിനെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവു തീയതി മുതൽ നിയമനം ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

WP(C) 11306/11 നമ്പർ അന്യായത്തിൻമേൽ 29/04/2015 ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല.സി.എസ്**
**ഗവ. അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്, എറണാകുളം.
ശ്രീമതി. ഓമനകുഞ്ഞ്, പാർട്ട് ടൈം സ്വീപ്പർ, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്, എറണാകുളം.
(സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 132449 /വ്യയം സി2/15/ധന തീയതി 21/07/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം
Sd/-
സെക്ഷൻ ഓഫീസർ